(സി) ക്രഷർ യൂണിറ്റ് അനുവദിക്കുന്നതിന് നഗരസഭ തീരുമാനമെടുത്തിട്ടുണ്ടോ എങ്കിൽ എന്ന് ;

(ഡി) നഗരസഭയുടെ തീരുമാനത്തിനെതിരെ ക്രഷർ യൂണിറ്റ് തുടങ്ങാൻ അനുവാദം നൽകാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഈ തീരുമാനം പുനഃപരിശോധിക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നെടുമങ്ങാട് നഗരസഭയിലെ 19-ാം വാർഡിൽ മെറ്റൽക്രഷർ യൂണിറ്റ് ആരംഭിക്കുന്നതിനെതിരെ സർക്കാരിന് നിവേദനം കിട്ടിയിട്ടുണ്ട്. 16-5-2000-ൽ.

(സി) 14-10-1999-ലെ കൗൺസിൽ തീരുമാനപ്രകാരം ക്രഷർ യൂണിറ്റ് സ്ഥാപിക്കാൻ അനുവാദം നൽകേണ്ടതില്ലെന്നാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

(ഡി) ക്രഷർ യൂണിറ്റ് സ്ഥാപിക്കാൻ സർക്കാർ അനുവാദം നൽകിയിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

കായംകുളം നഗരസഭ മുൻസെക്രട്ടറിക്കെതിരെ നടപടി

123 (521) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം വനിതാ പോളിടെക്നിക്കിന്റെ ഉദ്ഘാടനത്തിന് എത്തിയ മുഖ്യമന്ത്രിക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാതിരിക്കുകയും ചടങ്ങിനെ അനാദരിക്കുകയും ചടങ്ങിൽ പങ്കെടുക്കാതിരിക്കുകയും ചെയ്ത അക്കാലത്തെ കായംകുളം നഗരസഭാ സെക്രട്ടറിയ്ക്കെതിരെ എത്ര പരാതികളാണ് ഇപ്പോൾ നിലവിലുള്ളത് ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) ഈ ഉദ്യോഗസ്ഥൻ ഇപ്പോൾ ഏത് ആഫീസിൽ ഏത് തസ്തികയിൽ ജോലി ചെയ്യുന്നു ;

(സി) ഇദ്ദേഹത്തിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇയാൾക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) ബഹു: മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങിൽ നിന്നും വിട്ടുനിന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അന്നത്തെ നഗരസഭാ സെക്രട്ടറിയെ കായംകുളത്തുനിന്ന് മാവേലിക്കര നഗരാസഭാ സെക്രട്ടറിയായി സ്ഥലം മാറ്റി നിയമിക്കുകയുണ്ടായി.

(സി) കൂടുതൽ നടപടികൾ ഒന്നും തൽക്കാലം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വഴുതക്കാട്-കിള്ളിയാർ ഭാഗങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് നടപടി

124 (522) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയിലെ വഴുതക്കാട് വാർഡിലെ എം.പി. അപ്പൻ റോഡിൽ നിന്ന് ആരംഭിച്ച് കിള്ളിയാറ്റിൽ ചെന്ന് അവസാനിക്കുന്ന ഓടയിലും അതിന്റെ വശങ്ങളിലും ചപ്പുചവറുകൾ നിക്ഷേപിക്കാറുണ്ടോ ; പ്രസ്തുത ഓടയിലേക്ക് സമീപവാസികൾ മലിനജലവും മാലിന്യങ്ങളും ഡ്രെയിനേജ് കണക്ഷന്റെ അഭാവത്തിൽ തുറന്നുവിടാറുണ്ടോ ; ഈ കാര്യങ്ങൾ നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അന്വേഷണം നടത്തുകയും പരിഹാര നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത ഓടയിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതും മലിന ജലം ഒഴുക്കുന്നതും മൂലമുണ്ടാകുന്ന കൊതുകുശല്യവും, പകർച്ചവ്യാധികളും തടയണമെന്നാവശ്യപ്പെട്ട് കൊണ്ട് നഗരസഭാ മേയർക്ക് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ;

(സി) നഗരസഭയ്ക്ക് ലഭിച്ച എം.എസ്/2026/2001 തീയതി 18-1-2001 നമ്പർ പരാതിക്ക് എന്തെങ്കിലും അടിയന്തിര നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച വിശദീകരണം നൽകുമോ ?

ഉത്തരം

(എ) പൊതുജനങ്ങൾ ചപ്പുചവറുകൾ നിക്ഷേപിക്കാറുണ്ട്. മലിനജലവും മറ്റും തുറന്നുവിടാറുമുണ്ട്. ഇക്കാര്യം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുകയും ഇത് നിയന്ത്രിക്കാനുള്ള പ്രാഥമിക നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly